(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെട്ടികിടക്കുന്ന ഫയൽ തീർപ്പ് കൽപ്പിക്കാൻ നടപടി

1 (7556) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത്-വില്ലേജ് ആഫീസുകൾ മുതൽ സെക്രട്ടേറിയറ്റ്വരെ ലഭിക്കുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ വരുന്ന കാലതാമസം പരിഹരിക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പരാതികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വളരെയേറെ കാലതാമസം ഉണ്ടാക്കുന്നത് പരിഹരിക്കുവാൻ ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പുകൽപ്പിക്കാൻ യുദ്ധകാലാടി സ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അപേക്ഷകളിന്മേൽ എത്രയും വേഗം തീരുമാനം എടുക്കത്തക്കരീതിയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, DDFS, e-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS ഇപ്പോൾ സെക്രട്ടേറിയറ്റിൽ നിലവിലുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ പി & എ. ആർ.ഡി. വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുമുണ്ട്. കൂടാതെ ഫയൽ അദാലത്തുകൾ മുഖേനയും പരാതികളും ഫയലുകളും തീർപ്പാക്കി വരുന്നുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ പ്രകാരവും അപേക്ഷകളിന്മേൽ വേഗം തീരുമാനമെടുത്തുവരുന്നു. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളും അപേക്ഷകളും സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ സർക്കാർ വകുപ്പദ്ധ്യക്ഷൻമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിവരുന്നുണ്ട്. പരാതികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നത് പരിഹരിക്കുവാൻ മേൽ പരാമർശിച്ച ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ഓൺലൈൻ സേവനങ്ങളും കൂടുതൽ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നൂറുദിന കർമ്മ പരിപാടി നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിൻപ്രകാരം 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനായി 2014 മെയ്-ജൂൺ മാസങ്ങളിൽ മൂന്നു ഘട്ടങ്ങളിലായി ഒരു പ്രത്യേക 'ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി' നടത്തുകയും അതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly